പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 154 — 10.03.2020 -ൽ മറുപടിക്ക്

## കേന്ദ്രസർക്കാരിൽ നിന്നുള്ള ഭക്ഷ്യധാന്യ വിഹിതം

ചോദ്യം

**ശ്രീ.ഒ. ആർ. കേളു**
**ശ്രീ.ബി.ഡി. ദേവസ്സി**
**ശ്രീ.കെ.യു. ജനീഷ് കുമാർ**
**ശ്രീ.കെ.കുഞ്ഞിരാമൻ**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തുണ്ടായിരുന്ന സാർവത്രിക പൊതുവിതരണ സംവിധാനത്തിന്റെ അനിവാര്യത കണക്കിലെടുത്ത് ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥന തള്ളിയ കേന്ദ്രസർക്കാർ, എഫ്.സി.ഐ.യുടെ കരുതൽ ശേഖരത്തിൽ ആവശ്യത്തിലധികം ഭക്ഷ്യധാന്യമുണ്ടെന്ന പേരിൽ അവ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം നിരാകരിച്ചതും എഫ്.സി.ഐ യുടെ സ്റ്റോക്കിൽ നിന്ന് ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി ഭക്ഷ്യധാന്യങ്ങൾ വിറ്റഴിക്കുന്നതും തമ്മിൽ ബന്ധമില്ല. അരിയുടെയും ഗോതമ്പിന്റെയും അധിക നീക്കിയിരിപ്പായി വരുന്ന ഭക്ഷ്യധാന്യങ്ങളാണ് എഫ്.സിഐ ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം മുഖേന വിറ്റഴിക്കുന്നത്. ഇത് കാലാകാലങ്ങളായി നടന്നു വരുന്ന പ്രക്രിയയാണ്. പൊതു വിതരണ സംവിധാനം മുഖേനയും മറ്റു വെൽഫെയർ സ്കീം മുഖേനയുമുള്ള ഭക്ഷ്യധാന്യ വിതരണത്തെ ഒ.എം.എസ്.എസ് മുഖേനയുള്ള വിതരണം ബാധിക്കുന്നില്ലെന്ന് എഫ്.സി.ഐ ജനറൽ മാനേജർമാർ ഉറപ്പു വരുത്തേണ്ടതാണെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) കേന്ദ്രസർക്കാർ എന്തു വിലയ്ക്കാണ് മുൻഗണനാ ലിസ്റ്റിലുള്ളവർക്കും അല്ലാത്തവർക്കുമുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുന്നത്; എഫ്.സി.ഐ.യിൽ നിന്ന് നിശ്ചിത സമയത്ത് സ്റ്റോക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ ;

(ബി) എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് അരി കിലോഗ്രാമിന് 3 രൂപയ്ക്കും ഗോതമ്പ് കിലോഗ്രാമിന് 2 രൂപയ്ക്കുമാണ് കേന്ദ്ര സർക്കാർ നല്കി വരുന്നത്. മുൻഗണനാ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യത്തിന് ഉപരിയായി ലഭിക്കുന്ന ടൈഡ് ഓവർ വിഹിതത്തിലെ അരി കിലോഗ്രാമിന് 8.30 രൂപയ്ക്കും ഗോതമ്പ് കിലോഗ്രാമിന് 6.10 രൂപയ്ക്കും ലഭിച്ചു വരുന്നു. എഫ്.സി.ഐ യിൽ നിന്ന് നിശ്ചിത സമയത്ത് സ്റ്റോക്ക് ലഭിക്കാത്ത സാഹചര്യം ചില സമയത്ത് ഉണ്ടാകാറുണ്ട്. തൊഴിലാളി പ്രശ്നങ്ങൾ മൂലവും എഫ്.സി.ഐ ഡിപ്പോകളിൽ ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമല്ലാതെ വരുന്ന അവസരങ്ങളിലും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ചെലവ് കേന്ദ്ര സർക്കാർ വഹിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട് ; സംസ്ഥാനത്ത് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം നിശ്ചിത അളവിൽ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

(സി) മുൻഗണനാ വിഭാഗത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിന് ചെലവാകുന്ന കടത്തുകൂലി, കയറ്റിറക്ക കൂലി ഇനങ്ങളിലും റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിലും ചെലവാകുന്ന തുകയുടെ ഒരു വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ട്. 2016 നവംബർ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ ക്ലെയിം ചെയ്ത 164.4 കോടി രൂപയിൽ 134.57 കോടി രൂപ ഈയിനത്തിൽ ഇതുവരെ ലഭ്യമായിട്ടുണ്ട്. എഫ്.സി.ഐയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി താലൂക്ക് സപ്ലൈ ഓഫീസർ, എൻഎഫ്എസ്എ ക്വാളിറ്റി കൺട്രോളർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്.സി.ഐ ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽ നിന്നുമാണ് എൻഎഫ്എസ്എ ഗോഡൗണുകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത്. എൻഎഫ്എസ്എ ഗോഡൗണുകളിൽ നിന്നും വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരവും സി.എം.ആർ മില്ലുകളിൽ നിന്നും വിട്ടെടുക്കുന്ന മട്ടയരിയുടെ ഗുണനിലവാരവും സപ്ലൈകോ ക്വാളിറ്റി കൺട്രോളർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. പൊതുവിതരണ രംഗത്ത് കാതലായ മാറ്റങ്ങൾക്ക് വഴി തെളിച്ച് കൊണ്ട് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം എഫ്.സി.ഐ/സി.എം.ആർ മില്ലുകളിൽ നിന്നും വിട്ടെടുക്കുന്ന റേഷൻ ഭക്ഷ്യധാന്യങ്ങൾ എൻഎഫ്എസ്എ ഗോഡൗണുകളിൽ സംഭരിച്ച് എസ്.സി.എം.എസ്, ഡി.എം.എസ് എന്നീ സോഫ്റ്റ് വെയറുകളിൽ അക്കൗണ്ട് ചെയ്ത് ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ മുഖേന ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ/സിറ്റി റേഷനിംഗ് ആഫീസർ നൽകുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള അളവിൽ റേഷൻ സാധനങ്ങൾ അതത് റേഷൻ കടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് റേഷൻകട ലൈസൻസിയെ തൂക്കം ബോധ്യപ്പെടുത്തി ബില്ല്, തൂക്കചീട്ട് സഹിതം ഏൽപ്പിച്ചുകൊടുക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. കൂടാതെ കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ് അലർട്ടായി

നൽകി വരികയും ചെയ്യുന്നു. കൂടാതെ പൊതു വിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**